# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3579

10-04-2013 ൽ മറുപടിയ്ക്ക്

## ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുവാൻ കർമ്മ പരിപാടി

**ചോദ്യം**

ശ്രീ.റ്റി.എൻ.പ്രതാപൻ
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.വി.ഡി.സതീശൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കാർഷിക ഉല്പാദന ക്ഷമതയിലൂടെ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 വർഷം തെരഞ്ഞെടുക്കപ്പെട്ട 4 ജില്ലകളിലായി (ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം) 2000 കി.ഗ്രാം ഹെക്ടറിൽ താഴെ ഉല്പാദനക്ഷമതയുള്ള അഞ്ച് ബ്ലോക്കുകൾ തിരഞ്ഞെടുത്ത് (ഹരിപ്പാട്, കുവപ്പടി, കോതമംഗലം, ശ്രീകൃഷ്ണപുരം, നിലമ്പൂർ) ഉല്പാദനക്ഷമത സംസ്ഥാന ഉല്പാദന ക്ഷമതയുടെ ശരാശരിയേക്കാൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പരിമിതിയുള്ള ഉല്പാദനോപാധിയുടെ ഘടകങ്ങൾ ഏതെന്ന് മനസ്സിലാക്കി അതനുസരിച്ച് പദ്ധതി നടപ്പിലാക്കുക യുണ്ടായി. ആകെ 5712.48 ഹെക്ടറിൽ 100 ലക്ഷം രൂപ വകയിരുത്തി ഭൗതിക നേട്ടം കൈവരിക്കുകയുണ്ടായി. സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം ഭക്ഷ്യാവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ അപര്യാപ്തമായതിനാൽ 2013-14 ൽ പച്ചക്കറി വികസനത്തിനായി 62.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി കൃഷിയെ സുസ്ഥിരവും വിജയകരവുമായ ഒരു സംരംഭമാക്കി മാറ്റുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കാർഷികോല്പാദന ക്ഷമതയിലൂടെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുവാൻ കൃഷിയെ സുസ്ഥിരവും വിജയകരവുമായ ഒരു സംരംഭമാക്കി മാറ്റുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ഉല്പാദനക്ഷമത വർദ്ധനവിന് സഹായകമായ ഘടകങ്ങൾ ഭാവിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർന്നും ഉപയോഗപ്പെടുത്തി സുസ്ഥിരമായ രീതിയിൽ ഉപയോഗപ്പെടുത്തുക എന്നതാണ് ലക്ഷ്യം. അനുദിനം കൃഷിഭൂമിയുടെ ലഭ്യത കുറഞ്ഞു വരുന്ന ഈ കാലഘട്ടത്തിൽ ഭക്ഷ്യസുരക്ഷയുടെ ഭാവി നിലകൊള്ളുന്നത് പ്രധാനമായും പച്ചക്കറി, വാഴ, കിഴങ്ങു വിളകൾ എന്നിവയുടെ വ്യാപനത്തിലാണ്. വിഷ രഹിതമായ പച്ചക്കറി ഉല്പാദനം ജീവിതശൈലിയുടെ ഭാഗമായി മാറുന്നതിനായി ലഭ്യമായ എല്ലാ സ്ഥലത്തും മേൽ വിളകൾ ചെയ്യേണ്ടതുണ്ട്. അതിനായി നടപ്പു വർഷത്തെപ്പോലെ തന്നെ വരും വർഷങ്ങളിലും പച്ചക്കറി കൃഷിയിൽ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി, കോർപ്പറേഷൻ മുനിസിപ്പാലിറ്റി പഞ്ചായത്ത് പ്രദേശങ്ങളിൽ മട്ടുപ്പാവു കൃഷി, വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, വിദ്യാർത്ഥികൾ പത്രമാധ്യമങ്ങൾ എന്നിവ വഴി വീട്ടുവളപ്പിൽ കൃഷി, പ്രോജക്ടടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, ഹൈടെക് കൃഷി രീതി ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി എന്നീ ഘടകങ്ങൾ ചെയ്യുന്നു. കൂടാതെ പച്ചക്കറി, വാഴ, കിഴങ്ങുവിളകൾ എന്നിവ കോൺടാക്ടടിസ്ഥാനത്തിൽ തരിശു നിലത്തിൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം ചെയ്യുന്നു. |
| (സി) | ഏതെല്ലാം ഭക്ഷ്യോൽപ്പന്നങ്ങളാണ് ഭക്ഷ്യ സ്വയം പര്യാപ്തതയ്ക്ക് വേണ്ടി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ; | (സി) | 1. നെല്ല്<br>നെല്ലുൽപ്പാദനത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 വർഷം നെൽകൃഷി വികസനം ഗ്രൂപ്പ് ഫാമിംഗ്, കര നെൽകൃഷി, നെൽകൃഷി വികസനം പി.പി.പി. എസ്.ആർ.ഐ, പ്രത്യേക |

നെല്ലിനങ്ങളുടെ പ്രോത്സാഹനം, ഉല്പാദന ക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി, നെൽകൃഷി വികസന ഏജൻസിയ്ക്കുള്ള സഹായം, ആർ. കെ.വി.വൈ നെൽകൃഷി ഉല്പാദനം വർദ്ധിപ്പിക്കൽ, ആർ.കെ.വി. വൈ തരിശുകൃഷി വ്യാപിപ്പിക്കൽ, കുട്ടനാട് പാക്കേജ് നെൽകൃഷി തരിശുനിലകൃഷി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, നെൽകൃഷി ഉല്പാദനബോണസ്, നെല്ല് സംഭര ണം, എം.എം.എ നെൽകൃഷി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

2. പച്ചക്കറി

2012-13 ൽ പച്ചക്കറി കൃഷി വികസനത്തിനായി ആകെ 4250 ലക്ഷം രൂപയുടെ പദ്ധതി നടപ്പി ലാക്കി. 2012-13 ൽ ആർ.കെ.വി. വൈ പദ്ധതി പ്രകാരം 1200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 25000 രൂപ നിരക്കിൽ സഹായ ധനം നൽകിക്കഴിഞ്ഞു. വയനാട് ജില്ലയിൽ പച്ചക്കറി കൃഷി വികസനത്തിനായി വയനാട് പാക്കേജ് പ്രകാരം 226.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2013-14 ൽ 62.25 കോടി രൂപ പച്ചക്കറി വികസനത്തിന്റെ വിവിധ ഘടക ങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി ഏതെല്ലാം ഏജൻസികളെയാണ് സഹകരിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | പാടശേഖര സമിതി, (ഗ്രൂപ്പ് ഫാമിംഗ് സമിതി), നെൽകൃഷി വികസന ഏജൻസി എന്നിവരെ സഹകരിപ്പിച്ച് നെൽകൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു. സംസ്ഥാനത്ത് പച്ചക്കറിയുടെ ഉല്പാദന ത്തിനും വിപണനത്തിനും വേണ്ടി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടി കോർപ്പ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി എന്നീ ഏജൻസികൾ പ്രവർത്തിക്കു ന്നുണ്ട്. |

സെക്ഷൻ ഓഫീസർ